"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - കയർ വികസന ഡയറക്ടറേറ്റ് - ശ്രീ. പ്രേംലാൽ.ബി, അസിസ്റ്റന്റ് ഡയറക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർ ആയിരുന്ന കാലയളവിൽ അക്കൗണ്ട്സ് ഓഫീസറുടെ അധിക ചുമതല വഹിച്ചതിന് ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.925/2026/ID തീയതി,തിരുവനന്തപുരം, 08-08-2026

പരാമർശം:-

1 G.O(P) No 88/2017/Fin dated 11.07.2017

2. കയർ വികസന ഡയറക്ടറുടെ 04/02/2025-ലെ DCD/204/2023- CE1 നമ്പർ നടപടിക്രമം

3. 03/07/2025-ലെ സ.ഉ. (സാധാ) നം. 790/2025/വ്യവ

4. വ്യവസായ വാണിജ്യ ഡയറക്ടറുടെ 23/08/2025-ലെ DIC/4006/2025-ED2 നമ്പർ കത്ത്

5. 05/03/2026-ലെ സ.ഉ. (സാധാ) നം. 238/2026/വ്യവ

ഉത്തരവ്

വ്യവസായ വാണിജ്യ വകുപ്പിൽ, കയർ വികസന ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി.സോജ തോമസ് 01/04/2025 മുതൽ 31/05/2025 വരെ LPR-ൽ പ്രവേശിച്ചതിനെ തുടർന്ന് അക്കൗണ്ട്സ് തസ്തികയുടെ പൂർണ്ണ അധിക ചുമതല, 01/04/2025 മുതൽ പ്രസ്തുത തസ്തികയിൽ പുതിയ ജീവനക്കാരൻ ചുമതലയേറ്റെടുക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. പ്രേംലാൽ. ബി-യ്ക്ക് കൈമാറിയിരുന്ന പരാമർശം(2) നടപടിക്രമത്തിന് സാധൂകരണം നൽകുന്നതിനും അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ അധിക ചുമതല വഹിച്ചിരുന്ന കാലയളവിലേയ്ക്ക് ശ്രീ.പ്രേംലാൽ.ബിയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിനും പരാമർശം(4) പ്രകാരം വാണിജ്യ വ്യവസായ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം ശ്രീ. ശിവകുമാർ-എസ്-നെ കയർ വികസന ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറായി സ്ഥലംമാറ്റത്തിലൂടെ നിയമിച്ചതിനെ തുടർന്ന് ശ്രീ.പ്രേംലാൽ ബി 15.07.2025AN പ്രാബല്യത്തിൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ ചുമതലയിൽനിന്നും ഒഴിവാകുകയും വാണിജ്യ വ്യവസായ ഡയറക്ടറുടെ പരാമർശം(1) നടപടിക്രമത്തിന് പരാമർശം(5) പ്രകാരം സാധൂകരണം നൽകുകയും ചെയ്തിട്ടുണ്ട്.

3. മേൽ സാചര്യത്തിൽ കയർ വികസന ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറുടെ പൂർണ അധിക ചുമതല 01/04/2025 മുതൽ 15/07/2025 വരെ നിർവഹിച്ച അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. പ്രേംലാൽ ബി-യ്ക്ക് (നിലവിൽ അസിസ്റ്റന്റ് ഡയറക്ടർ) കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53(b) (2)(as amended vide G.O(P) No.88/2017/Fin dated 11.07.2017), 53A(II)(C), 53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 01.04.2025 മുതൽ പരമാവധി മൂന്ന് മാസക്കാലയളവിലേയ്ക്ക് പരിമിതപ്പെടുത്തി ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്മിത ബി ചന്ദ്ര

ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. പ്രേംലാൽ. ബി, അസിസ്റ്റന്റ് ഡയറക്ടർ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha B
Date: 10-08-2026
10:04:56

സെക്ഷൻ ഓഫീസർ